<u>പ്രസിദ്ധീകരണത്തിന്</u>

# പത്രക്കുറിപ്പ്

കയർ മേഖലയിൽ വിവിധ രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചവരെ ആദരിക്കുന്നതിനായി കയർ വികസന വകുപ്പ് സംസ്ഥാനതലത്തിലും പ്രോജക്ട്തലത്തിലും ഏർപ്പെടുത്തിയ കയർ അവാർഡിന്, 2015-16വർഷത്തേയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നു. സഹകരണ സംഘങ്ങൾ, കയറ്റുമതിക്കാർ, ചെറുകിട ഉത്പ്പാദകർ, ദീർഘകാല അനുഭവ സമ്പത്തിനും സംഭാവന കൾക്കും, നല്ല ഡിസൈനും, ഗവേഷണ കണ്ടെത്തലിനും തുടങ്ങി കയർ മേഖലയിലെ വിവിധ കാറ്റഗറികളിലായി അവാർഡ് നിശ്ചയിച്ചിട്ടുണ്ട്. "കയർമേഖലയിലെ ദീർഘകാല അനുഭവ സമ്പത്തും സമഗ്ര സംഭാവനകളും" അടിസ്ഥാനമാക്കി വ്യക്തികൾക്ക് നൽകുന്ന അവാർഡിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട സംഘടനകളുടെ നാമനിർദ്ദേശം വഴിയാണ് സ്വീകരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കയർ സർക്കിൾ ഓഫീസുമായോ, കയർ പ്രോജക്ട് ഓഫീസുമായോ, കയർ വികസന ഡയറക്ടറേറ്റുമായോ ബന്ധപ്പെടേണ്ടതാണ്. അപേക്ഷകൾ ബന്ധപ്പെട്ട പ്രോജക്ട് ഓഫീസുകളിൽ ലഭിക്കേണ്ട അവസാന തീയതി ജൂൺ 30 ആയിരിക്കും. സർക്കാർ ഉത്തരവും അപേക്ഷ ഫോറവും കയർ വികസന ഡയറക്ടറേറ്റിന്റെ വെബ് സൈറ്റായ www.coir.kerala.gov.in ൽ ലഭ്യമാണ്.

കെ.എസ്.അനിത
അഡീഷണൽ കയർ വികസന ഡയറക്ടർ
കയർ വികസന ഡയറക്ടർക്കു വേണ്ടി